ദേശാഭിമാനി

09 January 2020

# റെഡിയായി കിടുക്കൻ 'നീരാളി' ബിരിയാണി



ഭക്ഷ്യമേളയിൽ നീരാളി ബിരിയാണി ഉണ്ടാക്കുന്ന സൈന

**കൊച്ചി**

സൈനയും സരസ്വതിയും പലതരം ബിരിയാണി ഉണ്ടാക്കിയിട്ടുണ്ടെങ്കിലും നീരാളി ബിരിയാണി ആദ്യമാണ്. സിഎംഎഫ്ആർഐയിൽ സംഘടിപ്പിച്ച ഭക്ഷ്യമേളയിൽ നീരാളി ബിരിയാണി വേണമെന്ന ആവശ്യം രണ്ടും കൽപ്പിച്ചാണ് ഏറ്റെടുത്തത്. ഭക്ഷ്യമേളയ്ക്കു മുമ്പായി പരീക്ഷണാർഥം ബിരിയാണി തയ്യാറാക്കി സാഫ് ഡയറക്ടർ സുലേഖയ്ക്ക് കൊടുത്തു. കഴിച്ചപ്പോൾ സുലേഖയുടെ വക ഫുൾ മാർക്ക്. പരീക്ഷണം വിജയിച്ച സന്തോഷത്തിൽ ഭക്ഷ്യമേളയ്ക്കായും തയ്യാറാക്കി നല്ല രസികൻ നീരാളി ബിരിയാണി. ചെമ്മീൻ പുട്ടാണ് സരസ്വതി ചേച്ചീടെ പ്രധാന ഐറ്റം. പരീക്ഷണാർഥം തുടങ്ങിയ ചെമ്മീൻ പുട്ട് നാട്ടിലൊക്കെ വൻ ഹിറ്റാണ്. ഭക്ഷ്യമേളകളിൽ എത്തുന്നവരുടെ ഇഷ്ടവിഭവവുമാണ്. സിഎംഎഫ്ആർഐക്ക് മറുവശത്ത് തട്ടുകടയും നടത്തുന്നുണ്ട്. അഞ്ചുവർഷത്തെ പരിചയ സമ്പത്തുണ്ട് ഇവർക്ക്. സാഫിന്റെ ഭാഗമായി തന്നെ വേറെയും അംഗങ്ങൾ ഭക്ഷ്യമേളയിൽ രുചിയൂറുന്ന വിഭവങ്ങൾ തയ്യാറാക്കുന്നുണ്ട്.

സൈനയും സരസ്വതിയും മുളവുകാട് സ്വദേശികളാണ്. സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷറീസ് വിമൺ സാഫിന്റെ ഭാഗമായാണ് ഇരുവരും ഭക്ഷ്യമേളയിൽ എത്തിയത്. 2006ൽ സുനാമി ദുരന്തത്തിനുശേഷം മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകളുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ രൂപീകരിച്ചതാണ് സാഫ്. പത്ത് ജില്ലകളിൽ സൊസൈറ്റി പ്രവർത്തിക്കുന്നു. എറണാകുളം ജില്ലയിൽ 300ലധികം യൂണിറ്റുകളുണ്ട്. ഭക്ഷണ സാധനങ്ങൾ ഉണ്ടാക്കുന്നതിനുപുറമേ തയ്യൽ, ബ്യൂട്ടിപാർലർ എന്നിങ്ങനെയുള്ള മേഖലകളിലും മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സാഫ് സഹായം നൽകുന്നു.

കൃഷിയിടങ്ങളിൽ നേരിട്ടെത്തിച്ച പിടയ്ക്കുന്ന മീനുകളും അലങ്കാരമത്സ്യങ്ങളും മേളയിൽ ലഭ്യമാണ്. ലക്ഷദ്വീപിലെ മിനിക്കോയിൽനിന്നുള്ള വൈവിധ്യമായ മീൻവിഭവങ്ങൾ തേടിയും ആവശ്യക്കാരെത്തി. ചൂര കൊണ്ടുള്ള ദ്വീപ് വിഭവങ്ങളും ഏറെപ്പേരെ ആകർഷിക്കുന്നു. ദിവസവും പകൽ12 മുതൽ രാത്രി എട്ടുവരെയാണ് മേള. പ്രവേശനം സൗജന്യം.